(ഡി) ഏതെങ്കിലും ഒരു പ്രത്യേക വ്യക്തിയുടെ അശ്രദ്ധ യാണ് മരണ കാരണമെന്ന് അന്വേഷണത്തിൽ തെളിഞ്ഞിട്ടില്ല. അതു കൊണ്ട് ആരുടേയും പേരിൽ നടപടി സ്വീകരിക്കുന്നതിന് റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടില്ല.

(ഇ) ആശുപത്രിയിലെ 272 കിടക്കകളും സൂപ്രണ്ടിന്റെ നിയന്ത്രണത്തിലാണ്. അതുകൊണ്ട് കുറഞ്ഞത് മൂന്നു യൂണിറ്റുകളെങ്കിലും ഉണ്ടാക്കുകയും പൊതുവായ ഭരണച്ചുമതലയ്ക്കു പുറമേ ആദ്യ യൂണിറ്റിന്റെ ചുമതലകൂടി സൂപ്രണ്ടിനെ ഏൽപ്പിക്കുക, നീഡിൽ, സിറിഞ്ച് തുടങ്ങിയവ ഒരിക്കലും തറയിൽ വയ്ക്കാതിരിക്കുക, നട്ടെല്ലിൽ അനസ്തേഷ്യ കൊടുക്കുന്നതൊഴിച്ച് മറ്റൊന്നിനും ഉപയോഗിക്കാതിരിക്കുക, ഒരു ഫിസിഷ്യനെ ആശുപത്രിയിൽ നിയമിക്കുക, അനസ്തെറിസ്റ്റുകളുടെ രണ്ട് തസ്തികകൾ സൃഷ്ടിക്കുക, ആശുപത്രിക്ക് ഒരു പുതിയ തിയേറ്റർ ഉണ്ടാക്കുക, കോമ്പൗണ്ട് വാൾ റിപ്പയർ ചെയ്യുക, സെൻട്രൽ സ്റ്റെറിലൈസേഷൻ റൂമിലെ സ്റ്റെറിലൈസറുകൾ ഇടയ്ക്കിടെ പരിശോധിക്കുകയും റിപ്പയർ ആവശ്യമുണ്ടെങ്കിൽ ഉടനടി അതു നടത്തുകയും ചെയ്യുക, തിയേറ്ററിൽ ജോലി നോക്കുന്ന സ്റ്റാഫ് നേഴ്സുമാർക്ക് തിയേറ്റർ ടെക്നിക്കൽ പരിശീലനം നൽകുക, ഓപ്പറേഷൻ തിയേറ്ററിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുക എന്നിവയാണു റിപ്പോർട്ടിലെ ശുപാർശകൾ.

ഗവൺമെന്റ് ആശുപത്രികളിലെ ഡോക്ടർമാരുടെ ഡെപ്യൂട്ടേഷൻ

561 [816] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം ഗവൺമെന്റാശുപത്രികളിലെ എത്രപേർ ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്;

(ബി) ഡെപ്യൂട്ടേഷനിൽ പോകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാം;

(സി) ഈ വ്യവസ്ഥകൾ ആർക്കെങ്കിലും ഇളവു ചെയ്തു കൊടുത്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആർക്കെല്ലാം ഇളവ് ചെയ്തു കൊടുത്തു; അവരുടെ പേരുവിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് നിലവിൽ വന്ന ശേഷം ഏഴുപേർ പ്രൈവറ്റ് ആശുപത്രികളിൽ ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്.

(ബി) കേരളാ സർവ്വീസ് റൂൾസ് ഒന്നാം ഭാഗത്തിലെ 140 മുതൽ 155 വരെയുള്ള ചട്ടങ്ങൾക്ക് വിധേയമായാണ് ഡെപ്യൂട്ടേഷൻ നൽകുന്നത്. പ്രൈവറ്റ് ആശുപത്രികളിലേക്ക് ഡെപ്യൂട്ടേഷൻ നൽകുന്നതിനുള്ള ഗൈഡ് ലൈൻസ് 23.3.1974-ലെ ജി.ഒ.എം.എസ്. 106/74/ഹെൽത്ത് എന്ന ഉത്തരവിൽ നിജപ്പെടുത്തിയിട്ടുണ്ട്.

(സി) മെഡിസിൻ, സർജറി മുതലായ സ്പെഷ്യാലിറ്റികളിൽ പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിഗ്രി എടുത്തശേഷം 5 വർഷമെങ്കിലും ഗവൺമെന്റിൽ സേവനം അനുഷ്ഠിക്കണമെന്ന ജി.ഒ.എം.എസ്. 106/74/എച്ച്. ഡി.യിലെ 2.(ii) വ്യവസ്ഥ താഴെ പറയുന്ന 5 പേർക്ക് ഇളവ് ചെയ്തു കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1. ഡോ: ജയിംസ് തോമസ്
2. ഡോ: കെ.പി. ജോസഫ്
3. ഡോ: ജെ. കുസുമം
4. ഡോ: എം. ചന്ദ്രശേഖരൻ
5. ഡോ: എൻ.റി. അബ്രഹാം

പ്രൈമറി ഹെൽത്തു സെൻററിലെ രോഗികൾക്ക് ഭക്ഷണം

562 [817] ശ്രീ. കെ. കെ. എസ്. തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പ്രൈമറി ഹെൽത്തു സെൻററിലും രോഗികൾക്ക് ഭക്ഷണം നൽകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) ഇല്ല.

(ബി) അടുക്കള സൗകര്യങ്ങളും പാചകം ചെയ്യുന്നതിനുള്ള ജോലിക്കാരും ഇല്ലാത്തത് കാരണമാണ് എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഭക്ഷണം നൽകാത്തത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സാധാരണ 6 മുതൽ 12 വരെ കിടക്കകളാണുള്ളത്. രോഗികളുടെ എണ്ണം കുറവായതിനാൽ ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് കോൺട്രാക്ടർമാരെ ലഭിക്കാറില്ല. അതുകൊണ്ട് ഇത്തരത്തിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ കിടപ്പു രോഗികൾക്ക് ഇപ്പോൾ പാലും റൊട്ടിയും നൽകുന്നുണ്ട്. ഇപ്പോൾ അടുക്കള സൗകര്യം ഇല്ലാത്ത എല്ലാ കേന്ദ്രങ്ങളിലും ഈ സൗകര്യം ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

എ.എൻ.എം. കോഴ്സ് പാസ്സായവരെ നേഴ്സ്മാരാക്കി നിയമിക്കാൻ നടപടി

563 [818] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

വളരെകാലമായി നിലനിന്നു പോന്നതും ഇടക്കാലത്തു നിർത്തിയതുമായ എ.എൻ.എം. കോഴ്സ് പാസ്സായവരെ ഒരു ട്രെയിനിംഗ് കൊടുത്തു പബ്ലിക്ക് ഹെൽത്ത് നേഴ്സുമാരായി നിയമിച്ചു കൊണ്ട് വിദേശരാജ്യങ്ങളിൽ ജോലിക്കുപോകുന്നവരെ റിലീവ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

മാതൃകാ പർപ്പസ് വർക്കേഴ്സ് സ്കീം അനുസരിച്ചു ആക്സിലറി നേഴ്സ് മിഡ്വൈഫ്മാർക്ക് 6 മാസത്തെ പരിശീലനം നൽകി ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ പ്രമോഷൻ കൊടുക്കുവാൻ സാധിക്കും. ഇവരു പബ്ലിക്ക് ഹെൽത്ത് ഫീൽഡ് സർവ്വീസിലേക്കാണ്. അല്ലാതെ ആശുപത്രിയിലെ നേഴ്സുമാരുടെ ഒഴിവുകളിലേക്ക് അവർ അർഹരല്ല.

LIBRARY ARCHIVES Kerala Legislative Assembly